പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2727 — 14.02.2013 ൽ മറുപടിയ്ക്ക്

# കോഴിക്കോട്ടെ പൂനൂർപ്പുഴ തീരദേശ സംരക്ഷണ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എ. പ്രദീപ് കുമാർ | | ശ്രീ.പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് കോർപ്പറേഷൻ പരിധിയിൽ പൂനൂർപ്പുഴയുടെ തീരങ്ങൾ സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ ; | (എ) | കോഴിക്കോട് കോർപ്പറേഷൻ പരിധിയിൽ പൂനൂർപ്പുഴയുടെ തീരങ്ങൾ സംരക്ഷിക്കുന്നതിന് റിവർ മാനേജ്മെന്റ് ഫണ്ടിൽ ഉൾപ്പെടുത്തി 8 പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റുകൾ സമർപ്പിച്ചിട്ടുണ്ട്. ഇവയുടെ പേരുകളും തുകയും താഴെ പറയുന്നു.<br><br>1. കോഴിക്കോട് കോർപ്പറേഷൻ മൊകവൂർ പാലന്തലക്കൽ പൂനൂർപ്പുഴയുടെ ഇടത് കര സംരക്ഷണം തുക: 20 ലക്ഷം<br><br>2. കോഴിക്കോട് കോർപ്പറേഷനിൽ മേടയിൽ താഴം എന്ന സ്ഥലത്ത് പൂനൂർപ്പുഴയുടെ ഇടത്കര സംരക്ഷണം തുക: 18.50 ലക്ഷം<br><br>3. കോഴിക്കോട് കോർപ്പറേഷനിൽ ചെലവൂർ ഇഴുന്നമണ്ണിൽ പറമ്പിൽ പൂനൂർപ്പുഴയുടെ ഇടതുകര സംരക്ഷണം തുക: 20 ലക്ഷം<br><br>4. കോഴിക്കോട് കോർപ്പറേഷനിൽ കൊഴമ്പാലിൽ എന്ന സ്ഥലത്ത് പൂനൂർപ്പുഴയുടെ ഇടതുകര സംരക്ഷണം തുക: 20.50 ലക്ഷം<br><br>5. കോഴിക്കോട് കോർപ്പറേഷനിൽ പുളക്കടവ് ഫൂട്ട് ബ്രിഡ്ജിനു മേൽ ഭാഗത്ത് പൂനൂർപ്പുഴയുടെ ഇടതുകര സംരക്ഷണം തുക: 20 ലക്ഷം |

ഡി.എൽ.ഇ.സി (ആർ.എം.എഫ്)
അംഗീകരിച്ചത്

1. കോഴിക്കോട് കോർപ്പറേഷൻ മൊകവൂർ നമ്പോലിച്ചിറക്കലിൽ പുനൂർപുഴയുടെ ഇടതുകര സംരക്ഷണം തുക: 19.50 ലക്ഷം

2. കോഴിക്കോട് കോർപ്പറേഷൻ വെള്ളിമാട്കുന്ന് പൂക്കാട്ട് വാർഡ് 33 ൽ പുനൂർപുഴയുടെ ഇടതുകര സംരക്ഷണം തുക: 20 ലക്ഷം

3. കോഴിക്കോട് കോർപ്പറേഷൻ വെള്ളിമാട്കുന്ന് കൊയ്യപ്പുറം വാർഡ് 33 ൽ പുനൂർപുഴയുടെ ഇടതുകര സംരക്ഷണം തുക: 20 ലക്ഷം
കൂടാതെ, കോഴിക്കോട് കോർപ്പറേഷനിൽ കൃഷ്ണക്കടവ് മുതൽ മാളിക്കടവ് വരെ ഫ്ളഡ്ബാങ്ക് നിർമ്മിക്കുന്നതിനുള്ള സർവ്വേ നടപടികൾക്കായി 32 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

| | | | |
|---|---|---|---|
| (ബി) | ഇതുമായി ബന്ധപ്പെട്ട് തീരപ്രദേശത്ത് താമസിക്കുന്നവരിൽ നിന്ന് അപേക്ഷ ലഭിച്ചിട്ടുണ്ടോ ; | (ബി) | ഉണ്ട്. |
| (സി) | അപേക്ഷ നൽകിയവരുടെ പേരുവിവരവും അപേക്ഷകളിൽ സ്വീകരിച്ച നടപടികളും വിശദമാക്കുമോ ? | (സി) | 1. എലത്തൂർ പഞ്ചായത്തിന്റെ തീരുമാനപ്രകാരം മൊകവൂർ പാലന്തലക്കൽ 20 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്.<br><br>2. ഹരിദാസൻ, ഷൈലജ നിതിൻ രാജ്, സക്കീന, ഷഹിൽ മറിയ ഇവരുടെ പരാതി പ്രകാരം മേടയിൽ താഴം എന്ന സ്ഥലത്ത് 18.50 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്.<br><br>3. ശ്രീ.പ്രദീപ് കുമാർ, എം.എൽ.എ. ഇ.എം.രവി, വി.കെ.ഗോപാലൻ, സൗഭാഗ്യ മുതൽ പേർ പരാതി പ്രകാരം ഇഴന്നമണ്ണിൽ 15 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. |

4. ശ്രീ.പ്രദീപ് കുമാർ. എം.എൽ.എ യുടെ നിർദ്ദേശപ്രകാരം 15 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്.

5. റഷീദ് കൊയ്യപ്പുറം മുതൽ 77 പേർ ഒപ്പിട്ട് പരാതി പ്രകാരം 15 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്.

<u>ഡി.എൽ.ഇ.സി അംഗീകരിച്ച പ്രവൃത്തികൾ</u>

1. സചേതന റസിഡൻസ് അസോസിയേഷൻ പരാതിപ്രകാരം മൊകവൂർ നമ്പോലിച്ചിറക്കൽ പൂനൂർ പുഴയുടെ ഇടതുകര സംരക്ഷണത്തിന് 19.50 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് ഡി.എൽ.ഇ.സി അംഗീകാരം ലഭിച്ചിട്ടുണ്ട്.

2. റഷീദ് കൊയ്യപ്പുറം മുതൽ 77 പേർ ഒപ്പിട്ട് പരാതിയിൽ വെള്ളിമാട്കുന്ന് പൂക്കാട്ട് വാർഡ് 33 ൽ പൂനൂർ പുഴയുടെ ഇടത്കര സംരക്ഷണത്തിന് 20 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് ഡി.എൽ.ഇ.സി അംഗീകാരം ലഭിച്ചിട്ടുണ്ട്.

3. റഷീദ് കൊയ്യപ്പുറം മുതൽ 77 പേർ ഒപ്പിട്ട് പരാതിയിൽ വെള്ളിമാട്കുന്ന് കൊയ്യപ്പുറം വാർഡ് 33 ൽ പൂനൂർ പുഴയുടെ ഇടത്കര സംരക്ഷണത്തിന് 20 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് ഡി.എൽ.ഇ.സി അംഗീകാരം ലഭിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ